പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1800 — 25.03.2013-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ ? | (ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) <u>ദേശീയ സമ്പാദ്യ സമാശ്വാസ പദ്ധതി</u><br>ടി പദ്ധതിയിൽ അംഗമായി ചേർന്നിട്ടുള്ള കടലോര മേഖലയിലെയും ഉൾനാടൻ മേഖലയിലെയും മത്സ്യത്തൊഴിലാളികളായ ഗുണഭോക്താക്കളിൽ നിന്നും തവണകളായി സമാഹരിക്കുന്ന 600 രൂപയും, സംസ്ഥാന സർക്കാർ വിഹിതമായ 600 രൂപയും, കേന്ദ്ര വിഹിതമായ 600 രൂപയും ചേർന്ന് 1800/- രൂപ പഞ്ഞമാസക്കാലത്ത് ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നു.<br>2) <u>ദേശീയ മത്സ്യത്തൊഴിലാളി നിധി ഉപയോഗിച്ചുള്ള ഭവനനിർമ്മാണ പദ്ധതി</u><br>ടി പദ്ധതി പ്രകാരം വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ 800 വീടുകൾക്കായി 14 കോടി രൂപ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്.<br>3) <u>13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് ഉപയോഗിച്ച് നടപ്പിലാക്കുന്ന മാതൃക മത്സ്യഗ്രാമ പദ്ധതി</u><br>ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ ഉൾപ്പെട്ട 32 മത്സ്യ ഗ്രാമങ്ങളിൽ 2100 വീടുകൾക്കായി വീടൊന്നിന് 2.50 ലക്ഷം രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.<br>4) <u>നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികൾ</u><br>ഈ പദ്ധതി പ്രകാരം തീരദേശ ജില്ലകളിൽ ഗ്രാമീണ അടിസ്ഥാന |

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

5) <u>സംയോജിത തീരദേശ വികസന പദ്ധതി</u>

ടി പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിന് യൂണിറ്റ് ഒന്നിന് 17,500/- രൂപ വീതം അനുവദിച്ചു നൽകുന്നു.

6)<u>സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി</u>

ടി പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 25 മത്സ്യ ഗ്രാമങ്ങളിൽ കടിവെള്ള വിതരണം, വ്യക്തിഗത ശൗചാലയം, വൈദ്യുതീകരണം, ലൈബ്രറി സപ്പോർട്ട്, പൊതു ശൗചാലയം, ബയോഗ്യാസ്, ഹൈ മാസ്റ്റ് ലൈറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

7) <u>മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ</u>

മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ് വഴി എടുത്തിട്ടുള്ള ഹഡ്കോ ഭവന വായ്പ, NCDC വായ്പാ കടിശ്ശിക എന്നിവ സർക്കാർ പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ മത്സ്യഫെഡിൽ നിന്നുള്ള എൻ.ബി.സി .എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി വായ്പകൾ, സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നുമുള്ള വായ്പകളും ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾ മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വായ്പകളും കടാശ്വാസത്തിനായി പരിഗണിക്കുന്നുണ്ട്.

8. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടത്തുന്ന പദ്ധതികളും മത്സ്യഫെഡ് മുഖേന നടത്തുന്ന വിവിധ ക്ഷേമപദ്ധതികളുടേയും വിവരം അനുബന്ധമായി ചേർക്കുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്